<u>പതിനാലാം കേരള നിയമസഭ</u>

<u>അഞ്ചാം സമ്മേളനം</u>

<u>നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 5281</u>

<u>23/05/2017-ൽ മറുപടിയ്ക്ക്</u>

## <u>ലൈഫ് സർവ്വേ</u>

| ചോദ്യം<br>ശ്രീ.കെ.കുഞ്ഞിരാമൻ | | മറുപടി<br>ശ്രീ.കെ.റ്റി. ജലീൽ<br>(തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി) | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് ലൈഫ് സർവ്വേ പൂർത്തിയാക്കുന്നതിന് സമയം നിശ്ചയിച്ച് നൽകിയിരുന്നോ; എങ്കിൽ വിശദാംശങ്ങൾ അറിയിക്കാമോ; | (എ) | ഫെബ്രുവരി 18, 19 തീയതികളിലായി ലൈഫ് മിഷൻ സർവ്വേ പൂർത്തീകരിക്കാനാണ് ലക്ഷ്യമിട്ടിരുന്നത്. എന്നാൽ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ട പട്ടിക നൽകുന്നതിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വരുത്തിയകാലതാമസവും, പരിശോധിക്കേണ്ടവരുടെ എണ്ണം കൂടിയതും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി പ്രവർത്തനം ഊർജ്ജിതമാക്കുന്നതിനു വേണ്ടി സ്ഥാപനങ്ങളുടെ ജീവനക്കാരെ പൂർണ്ണമായും ഉപയോഗിച്ചതിനാലും സർവ്വേയും മേൽപരിശോധനയും സമയബന്ധിതമായി പൂർത്തിയാക്കാൻ കഴിഞ്ഞില്ല.<br><br>സംസ്ഥാനത്ത് ഭൂമിയുള്ള ഭവനരഹിതർ, ഭൂമിയില്ലാത്ത ഭവനരഹിതർ എന്നിവ തരംതിരിച്ച് പദ്ധതിയുടെ ഭാഗമായി അർഹരായ ഗുണഭോക്താക്കളെ കണ്ടെത്തുന്നതിന് കുടുംബശ്രീ സംവിധാനം ഉപയോഗിച്ച് സർവ്വേ പൂർത്തീകരിച്ചിട്ടുണ്ട്. സർവ്വേ പൂർത്തീകരിച്ചതിനുശേഷമുള്ള വെരിഫിക്കേഷനും ഡാറ്റാ എൻട്രിയും അന്തിമഘട്ടത്തിലാണ്. തുടർന്ന് കരട് പട്ടിക പ്രസിദ്ധപ്പെടുത്തുകയും പഞ്ചായത്ത് തലത്തിലും ജില്ലാതലത്തിലും അപ്പീലുകൾ കേട്ടശേഷം തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾ പട്ടിക അംഗീകരിച്ച് അന്തിമമാക്കുന്നതാണ്. കരട് പ്രസിദ്ധീകരിച്ച ശേഷം പരാതി പരിഹരിച്ച്, ബന്ധപ്പെട്ട പഞ്ചായത്ത്/നഗരസഭ പട്ടിക അംഗീകരിച്ച് പ്രസിദ്ധീകരിക്കുന്നതാണ്. ജൂൺ മാസം അവസാനത്തോടെ ഗുണഭോക്തൃപട്ടിക പ്രസിദ്ധീകരിക്കുവാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. |

| | | | |
|---|---|---|---|
| (ബി) | ഗ്രാമപഞ്ചായത്തുകൾ തങ്ങൾക്ക് കൈമാറിക്കിട്ടിയ സ്ഥാപനങ്ങളിലെ ജീവനക്കാരെ ആയതിന് ഉപയോഗിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ടോ; | (ബി) | തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ ജീവനക്കാരെ ഉപയോഗിക്കുന്നതിന് അനുമതി നൽകിയിരുന്നു. |
| (സി) | ഏതെങ്കിലും വകുപ്പിലെ ജീവനക്കാർ സർവ്വേയോട് നിസ്സഹകരിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ അറിയിക്കാമോ; | (സി) | ഇല്ല. |

സെക്ഷൻ ഓഫീസർ